# ഓർമ്മനാശിനി

(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)

പുഴവക്കിൽ വാക്കുഫലകം
വെച്ചതാരാണ്?
“ഇവിടെ മത്സ്യബന്ധനമരുത്!”

ഓർമ്മനാശിനിപ്പുഴയിലെ
വിഷം വമിക്കുന്ന
ഏകകോശജീവിയെ
തിന്നുവളർന്ന മീനുകൾ
നട്ടെല്ലിലൂടെ തലയിൽ
നഞ്ഞുവിത്തു വിതയ്ക്കും.

പായലും എണ്ണയും
സംയോഗ സുഖത്തിൽ
നീന്തലഭ്യാസിയുടെ
ശ്വാസത്തിലും ശ്രവണത്തിലും
കുഴയുന്ന പേശിയിലും
ഇരുളും ഇരയുടെ തീരുവയായി
കുളം കലക്കിയ കുളിയുടെ
മങ്ങുന്ന ചിത്രാംബരിസ്വനം
ഓർമ്മകോശപ്രതലത്തിൽ
അതാര്യ പാടപ്പാളികൾ പൂശും.

ഓർമ്മനാശിനിപ്പുഴയിൽ
മറന്ന ഓർമ്മച്ചരിതത്തിലെ
സാദ്ധ്യായ അദ്ധ്യായങ്ങൾ
ഓർത്തെടുക്കാനാകാതെ
ആദ്യാവതാര മത്സ്യത്തിനു
പരാശക്തി കൊടുത്ത ശാപവരം
പശ്ചാത്തല നിറഭേദങ്ങളുടെ
അമൂർത്ത ചിത്രച്ചുമരായി
നഞ്ഞുപുരട്ടിയ തോട്ടയിൽ

കുരുത്തിയിൽ കുരുങ്ങിയ
മത്സ്യബന്ധന ഉത്സവപ്പഴമയിൽ
വീശിയ നൈലോൺ വലാഭാരം
കടവിലെ കാറ്റിൽ തൂത്തി
മനുവിന്റെ കപ്പലിന്ററടിത്തട്ടും
നോഹയുടെ പെട്ടകയിണത്തുരുത്തും
അതീന്ദ്രീയ ധ്യാനസാന്ദ്രതയിലോർത്ത്
ചത്തു മലർന്ന പിതാമഹർക്ക്
പിണ്ഡംവെച്ചു പാപംതീർക്കാൻ
ശിഷ്യരെത്തേടി വീണ്ടുമലയും!
****************************************************

04/13/2014